I/35012/2023

**ഭരണഭാഷ-മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**വികാസ്ഭവൻ, തിരുവനന്തപുരം**

**(ഹാജർ: പി.പി. സജീവ്)**

വിഷയം:- ഡിഇഎസ്- ഗ്രഡേഷൻ സെൽ - ശ്രീമതി.ഷിബി.സി.ആർ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികയിലെ സീനിയോരിറ്റി പുനർ നിർണ്ണയിച്ച് നൽകുന്നത് സംബന്ധിച്ച്

പരാമർശം:-
1. ഈ ഓഫീസിലെ 19/04/2022ലെ DES/51/2022-GRC നമ്പർ ഉത്തരവ്
2. OP (KAT) 415/2017 നമ്പർ അപ്പീൽ ഹർജ്ജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 02/08/2022 ലെ വിധി ന്യായം
3. ഈ ഓഫീസിലെ 13/02/2015-ലെ EA1 2015/2015/DES നമ്പർ ഉത്തരവ്
4. ഈ ഓഫീസിലെ 11/01/2023-ലെ DES/1947/2022/EA1 നമ്പർ ഉത്തരവ്

**ഉത്തരവ് നം: ഡിഇഎസ്/51/2022/GRC; തീയതി: 13-02-2023**

പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ താത്ക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ഷിബി സി.ആർ-ന്റെ സീനിയോരിറ്റി പുനർനിർണ്ണയിക്കുന്നതിനായി പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 10/03/2010 FN ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ഷിബി. സി.ആർ 13/03/2012 ൽ ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 14/03/2012 ന് കൊപ്പം ഗവൺമെന്റ് ഹൈസ്കൂളിൽ ഹൈസ്കൂൾ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ജോലി ചെയ്തു വരവേ 21/12/2010 മുതൽ 10/04/2011 വരെയുള്ള 111 ദിവസം ടിയാൾ ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ രണ്ടു വർഷത്തെ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കാതെയാണ് ടിയാൾ എച്ച് എസ് എ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. തുടർന്ന് ടിയാൾ 06/02/2014 FN ൽ ഈ വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ പുനർ നിയമനം നേടുകയുണ്ടായി.

ഈ വകുപ്പിലെ മുൻ സർവീസ് കൂടെ പരിഗണിച്ച് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കണമെന്ന ടിയാളുടെ അപേക്ഷയിന്മേലുള്ള OP(KAT) 415/2017 നമ്പർ അപ്പീൽ ഹർജിയിൽ ബഹു.കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി.ഷിബി.സി.ആർ-ന്റെ ഈ വകുപ്പിലെ 10/03/2010 മുതൽ 13/03/2012 വരെയുള്ള മുൻകാല സർവ്വീസിലെ അർഹമായ കാലയളവ് പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവയ്ക്കായി പരിഗണിക്കുവാനുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഷിബി.സി.ആർ-ന്റെ പ്രൊബേഷൻ 22/08/2014 പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ച് ഉത്തരവായിട്ടുണ്ട്.

ടിയാൾ 09/02/2015 ൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യത ആർജ്ജിച്ചിട്ടുണ്ട്. പ്രസ്തുത തീയതിയ്ക്ക് ശേഷം പുറപ്പെടുവിച്ച ഈ ഓഫീസിലെ 13/02/2015-ലെ EA1-2015/2015/DES ഉത്തരവ് പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവരിൽ ശ്രീമതി രാധിണി എം വി സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 23/02/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ ശ്രീമതി.ഷിബി.സി.ആർ-ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവരിൽ ഒന്നാമതായിട്ടുള്ള, പരാമർശം 1 പ്രകാരമുള്ള താത്ക്കാലിക സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ

I/35012/2023

391 ശ്രീ ടി പി സന്തോഷിനും ക്രമ നമ്പർ 390 ശ്രീ എസ് പി സൂരജിനും മദ്ധ്യേ 390A ആയി ശ്രീമതി സി ആർ ഷിബിയുടെ സീനിയോറിറ്റി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികമായി പുന:നിർണ്ണയിച്ച് ഉത്തരവാകുന്നു. പ്രസ്തുത നടപടിയിൽ ആക്ഷേപമുള്ളപക്ഷം ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം പരാതി ലഭ്യമാക്കേണ്ടതാണ്.

ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേയ്ക്കായി വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Sajeevu P P
Date: 13-02-2023 13:37:49

ശ്രീമതി. ഷിബി. സി ആർ. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, എല്ലാ ജില്ലാ ഓഫീസുകളും
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ സെക്ഷൻ
3. ഫയൽ /ഫയൽ കരുതൽ